# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1124 — 21.03.2013-ലെ മറുപടിയ്ക്ക്

### ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ. പി.കെ. അബ്ദുറബ്ബ് (ഖ. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2011-12 വർഷത്തിൽ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ എന്ത് തുക ചെലവഴിച്ച് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കുമോ; | എ) 2011-12 വർഷത്തിൽ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും താഴെ കൊടുക്കുന്നു.<br>1)3,90,00,000(മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപ)യ്ക്ക് ഭരണാനുമതിയായ വനിതാഹോസ്റ്റൽ നിർമ്മാണം നടന്നു വരുന്നു.<br>2)5,00,000(അഞ്ച് ലക്ഷം രൂപ) ഭരണാനുമതിയിൽ പഴയ വർക്ക്ഷോപ്പ് ബിൽഡിംഗ് പുതുക്കുന്നതിനും ടോയ്‌ലറ്റുകളാക്കുന്നതിനുമുള്ള പണി പൂർത്തീകരിച്ചു.<br>3)20,50,000(ഇരുപത് ലക്ഷത്തി അൻപതിനായിരംരൂപ ഭരണാനുമതിയിൽ പഴയ ഇ.സി.ബ്ളോക്ക് ഗസ്റ്റ്കോട്ടേജായി പരിവർത്തനം ചെയ്യുന്നതിനുള്ള പണി നടന്നു വരുന്നു. |
| ബി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര കോഴ്സുകൾ ഉണ്ട്;ആകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു; കോഴ്സ് തിരിച്ച് കണക്ക് നല്കുമോ; | ബി ഈ കോളേജിൽ നിലവിലുള്ള കോഴ്സുകളുടെയും പഠിക്കുന്ന വിദ്യാർത്ഥികളുടെയും എണ്ണം ചുവടെ ചേർക്കുന്നു. |

| ബി.ടെക് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് | 271 |
| ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻഎൻജിനീയറിംഗ് | 273 |

| | |
|---|---|
| ഇൻഫർമേഷൻ ടെക്നോളജി | 255 |
| മെക്കാനിക്കൽ എൻജിനീയറിംഗ് | 62 |
| എം.ടെക് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് | 35 |
| ആകെ | 896 |

| | | | |
|---|---|---|---|
| സി) | ഈ കോളേജിൽ എത്ര പോസ്റ്റ്ഗ്രാജ്വേറ്റ് കോഴ്സുകൾ ഉണ്ട്; ഏതെല്ലാം; | സി) | ഒന്ന്.എം.ടെക് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് |
| ഡി) | കോളേജിൽ ബി.ടെക് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് കോഴ്സ് ആരംഭിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ കോഴ്സ് ആരംഭിക്കും; വിശദാംശം നല്കുമോ? | ഡി) | സംസ്ഥാനത്ത് ബി.ടെക് കോഴ്സിന് ആവശ്യത്തിലധികം സീറ്റുകൾ നിലവിൽ ഉള്ളതിനാൽ, തൽക്കാലം ബി.ടെക് കോഴ്സുകളൊന്നും പുതുതായി ആരംഭിക്കേണ്ടെന്നാണ് സർക്കാർ തീരുമാനം. അതിനാൽ ബി.ടെക് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് കോഴ്സ് ആരംഭിക്കുവാൻ എ.ഐ.സി.റ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും സർക്കാർ അനുമതി നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ